## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 405   18.10.2011 ൽ മറുപടിക്ക്

<u>തുടർ വിദ്യാഭ്യാസ പരിപാടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്ജ്.<br>ശ്രീ.വി.ഡി.സതീശൻ.<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി.<br>ശ്രീ.ഷാഫി പറമ്പിൽ. | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സാക്ഷരതാമിഷൻ അതോറിറ്റി യുടെഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) സാക്ഷരതാമിഷൻ അതോറിറ്റിയുടെ പ്രധാനപ്പെട്ട ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്<br>1. നേടിയെടുത്ത അടിസ്ഥാന സാക്ഷരത നിലനിറുത്തുകയും തുടർന്നു പഠിക്കാനുള്ള അവസരമുണ്ടാക്കുകയും ചെയ്യുക.<br>2. സാക്ഷരത ജീവിതത്തിൽ പ്രയോഗിക്കാൻ അവസരമുണ്ടാക്കി അതിലൂടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.<br>3. വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് അറിവുപകരുക, പരമ്പരാഗതമായി സാമൂഹിക സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ വികസന ക്ഷേമ പരിപാടികളിൽ സജീവമായി പങ്കെടുപ്പിച്ച് അവരുടെ ജീവിതനിലവാരം |

| | |
|---|---|
| | [illegible] ബോധവത്കരിക്കുക.<br><br>5.വയനശാലകളും ഗ്രന്ഥശാലകളും സ്ഥാപിച്ച് വിജ്ഞാന സമ്പാദനത്തിനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.<br><br>6. കലാസാംസ്കാരിക വിനോദ പരിപാടികൾ സംഘടിപ്പിക്കുക.<br><br>7. ഭാവിയിലുണ്ടാകുന്ന മാറ്റങ്ങൾ മുന്നിൽ കണ്ടുകൊണ്ട് കമ്പ്യൂട്ടറടക്കമുള്ള മേഖലകളെ ഗ്രാമീണർക്ക് പരിചയപ്പെടുത്തുക.<br><br>തുടങ്ങിയവയാണ് സാക്ഷരതാ മിഷൻ അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| ബി)<br>തുടർവിദ്യാഭ്യാസ പരിപാടി ഏതെല്ലാം ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്; | ബി) ത്രിതല പഞ്ചായത്തുകൾ, തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെ സാക്ഷരതാമിഷനു കീഴിലുള്ള വികസന തുടർവിദ്യാകേന്ദ്രങ്ങൾ വഴിയാണ് തുടർവിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നത്. |
| സി) പുതുതായി രൂപീകരിച്ച സംസ്ഥാന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | സി) ലീപ് കേരള മിഷൻ എന്ന പേരിൽ പുതിയ ഒരു പദ്ധതിയ്ക്ക് തുടക്ക കുറിയ്ക്കുവാനുള്ള ശ്രമം നടത്തിയിരുന്നുവെങ്കിലും അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | തുടർവിദ്യാഭ്യാസ പരിപാടി കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | ഡി | ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനശേഷി വിലയിരുത്തി ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള ഒരു സമയബന്ധിത പരിപാടിയ്ക്ക് കെ.എസ്.എൽ.എം.എ. രൂപം നൽകിയിട്ടുണ്ട്.<br>2. സംസ്ഥാന പ്ലാനിംഗ് ബോർഡിന് 12-ാം പദ്ധതിക്കാലത്തേയ്ക്ക് പുതിയ പദ്ധതികൾ തയ്യാറാക്കി നൽകുന്നതിനുള്ള കോർ കമ്മറ്റി മീറ്റിംഗ് പൂർത്തിയാക്കി ഇതിനായുള്ളവർക്ക് ഷോപ്പ് ചേരുന്നതിന് തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ട്യ<br>3. ദേശീയ സാക്ഷരതാമിഷന് പുതിയ പ്രോജക്ട് നൽകുന്നതിനുള്ള തയ്യാറെടപ്പുകൾ തുടങ്ങിക്കഴിഞ്ഞു.<br>4. ജീവനക്കാർക്കും പ്രവർത്തകർക്കും സമയബന്ധിതമായി പരിശീലനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>5. സംസ്ഥാന മിഷന്റെ ഗവേണിംഗ് ബോഡി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ